(ബി) ഇതിന്റെ എത്ര ശതമാനം തുകയ്ക്കാണ് ജില്ലയിൽത്തന്നെ ഭരണാനുമതി നൽകാൻ കഴിയുകയെന്ന് അറിയിക്കാമോ ;

(സി) എത്ര രൂപയുടെ എത്ര പദ്ധതികൾക്കാണ് ജില്ലയിൽ ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുള്ളത് ; ഇനിയും എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകുവാനുണ്ടെന്ന് അറിയിക്കാമോ ; ഇതിനുള്ള ഫണ്ട് ജില്ലാതലത്തിൽ ലഭ്യമാണോ ;

(ഡി) ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാനതല സമിതിയിലേക്ക് അയച്ചിട്ടുണ്ടോ ; ഏതൊക്കെ പദ്ധതികളാണ് ഇങ്ങനെ സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയ്ക്ക് കോർപ്പസ് ഫണ്ടിൽ നിന്നും 2,96,87,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) കോർപ്പസ് ഫണ്ട് വിനിയോഗത്തിനായി രൂപീകരിച്ചിട്ടുള്ള ജില്ലാ സമിതികൾക്ക് 25 ലക്ഷം രൂപ വരെയുള്ള പദ്ധിതകൾക്കാണ് ഭരണാനുമതി നൽകാൻ കഴിയുന്നത്. പദ്ധതി നിർവ്വഹണത്തിനുള്ള തുക ജനസംഖ്യാനുപാതിക മായിട്ടാണ് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച മുഴുവൻ തുകയുമുള്ള (2,96,87,000 രൂപയുള്ള), 30 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ അടൂർ മുൻസിപ്പാലിറ്റിയിലെ 21,48,200 രൂപയുള്ള 16 കടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുവാനുണ്ട്. ഇതിനുള്ള ഫണ്ട് ജില്ലയ്ക്ക് ലഭ്യമാക്കുന്നതാണ്.

(ഡി) ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതിക്കൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാനതല സമിതിയിലേയ്ക്ക് അയച്ചിട്ടില്ല

കൊട്ടാരക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിവരങ്ങൾ

294 (992) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കൊട്ടാരക്കര, വെട്ടിക്കവല വികസന ബ്ലോക്കുകളിലായി ആകെ എത്ര പട്ടികജാതി കോളനികളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയുടെ വിശദാംശങ്ങൾ (പേര്, കോളനിവാസികളുടെ എണ്ണം, വീട്, കിണർ, കക്കൂസ്, വൈദ്യുതി എന്നിവ ഇല്ലാത്തവരുടെ എണ്ണം) വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ പ്രസ്തുത കോളനികളിൽ പട്ടികജാതി വകുപ്പ് മുഖാന്തരം നടത്തിയ വികസന പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൊട്ടാരക്കര വികസ ബ്ലോക്കിൽ 195-ഉം, വെട്ടിക്കവല വികസന ബ്ലോക്കിൽ 148-ഉം പട്ടികജാതി കോളനികൾ ഉണ്ട്.

(ബി) അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതിന് പുറമെ കൊട്ടാരക്കര ബ്ലോക്കിലെ പ്ലാക്കാട് അംബേദ്കർ ഗ്രാമം 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൊട്ടാരക്കര മണ്ഡലത്തിൽ നൽകിയ വ്യക്തിഗത ആനുകൂല്യങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതികളുടെ പ്രവർത്തന പുരോഗതി

295 (993) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികജാതി പെൺകുട്ടികളുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള വാത്സല്യനിധി പദ്ധതിക്കായി 2014-15 ബഡ്ജറ്റിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ട് ;

(ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയ വിദ്യാജ്യോതി പദ്ധതിക്കായി 2014-15 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിചേർന്ന് പട്ടികജാതിക്കാർക്കായി ശുശ്രൂഷാനങ്ങൾ ആരംഭിക്കാൻ മിഷൻ 676-ൽ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിലേക്ക് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയെത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly